# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2560 17/08/2017-ൽ മറുപടിയ്ക്ക്

### മദ്യത്തിന്റെ അടിസ്ഥാനവിലയിൽ ചുമത്തുന്ന മാർജിൻ മണി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഹൈബി ഈഡൻ | ശ്രീ. ടി.പി.രാമകൃഷ്ണൻ (തൊഴിലും, എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ബിവറേജസ് കോർപ്പറേഷൻ മദ്യത്തിന്റെ അടിസ്ഥാനവിലയിൽ ചുമത്തുന്ന മാർജിൻ മണി 2017 മേയ് മാസം മുതൽ വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശം നല്കുമോ; | (എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ 01/06/2017 മുതൽ ഇൻഡ്യൻ നിർമ്മിത വിദേശമദ്യങ്ങളുടെ മൊത്തം ലാഭശതമാനം 24 ശതമാനത്തിൽ നിന്നും 29 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അടിസ്ഥാന വിലയിൽ ചുമത്തുന്ന മാർജിൻ മണി എത്ര ശതമാനമാണ് വർദ്ധിപ്പിച്ചതെന്നും അതുമൂലം പ്രതിവർഷം എത്ര കോടി രൂപയുടെ അധിക വരുമാനം ബിവറേജസ് കോർപ്പറേഷനുണ്ടാകുമെന്നും വ്യക്തമാക്കുമോ; | (ബി) 2014-15 മുതൽ 2015-16 കാലയളവിൽ വിൽപ്പന നികുതിയിൽ 30% വർദ്ധനവുണ്ടാവുകയും (105%-ൽ നിന്നും 135% ആയി ഉയർത്തി) 5% പുനരധിവാസ സെസ്സ് ഏർപ്പെടുത്തുകയും, ഇൻഡ്യൻ നിർമ്മിത വിദേശമദ്യങ്ങളുടെ എക്സൈസ് ഡ്യൂട്ടി 108% ആയിരുന്നത് 158% ആക്കി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം വ്യത്യസ്ത നികുതികളിലുണ്ടായ വർദ്ധനവ് മൂലം മദ്യത്തിന്റെ വിൽപ്പന വില സാരമായി വർദ്ധിക്കുവാൻ ഇടയായതുകൊണ്ട് ഇൻഡ്യൻ നിർമ്മിത വിദേശമദ്യത്തിന്റെ മൊത്ത ലാഭം 36%-ൽ നിന്നും 20% ആയി കുറയ്ക്കുകയുണ്ടായി (16% കുറവ്). നിലവിലെ സർക്കാർ വന്നതിനു ശേഷം കോർപ്പറേഷന്റെ സാമ്പത്തിക ഭദ്രത നിലനിർത്തുന്നതിനായി 01/10/2016-ൽ മൊത്ത ലാഭം 20%-ൽ നിന്ന് 24% ആയി ഉയർത്തുകയും ടി ലാഭം 1-6-2017 മുതൽ 24% -ൽ നിന്ന് 29% ആയി വീണ്ടും ഉയർത്തുകയുമുണ്ടായി. ടി ലാഭ ശതമാനം 24%-ൽ നിന്നും 29% ആക്കി ഉയർത്തിയതിലൂടെ ഈ സാമ്പത്തിക വർഷത്തിൽ ഏകദേശം 59 കോടി രൂപയുടെ ലാഭം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. |

| | |
|---|---|
| (സി) കോടതിവിധിയുടെ അടിസ്ഥാനത്തിൽ വില്പനശാലകൾ അടച്ചിട്ടതുമൂലമുണ്ടായ വരുമാന നഷ്ടം നികത്തുന്നതിനു വേണ്ടിയാണോ ഈ വർദ്ധനവ് ഏർപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ? | (സി) വിൽപ്പന നികുതിയിലെ 30% വർദ്ധനവ് 5% പുനരധിവാസ സെസ്സ് ഏർപ്പെടുത്തിയത് മൂലവും എക്സൈസ് ഡ്യൂട്ടിയിലെ 50% വർദ്ധനവ് മൂലവും മദ്യത്തിന്റെ വിൽപ്പനവിലയിൽ സാരമായ വർദ്ധനവ് ഉണ്ടാകാതിരിക്കുവാൻ വേണ്ടി മൊത്ത ലാഭം 36%-ൽ നിന്നും 20% ആയി കുറയ്ക്കുകയുണ്ടായി (16% കുറവ്). ഇതു കൂടാതെ ബഹു. സുപ്രീംകോടതിയുടെ ഉത്തരവിൻ പ്രകാരം ദേശീയ-സംസ്ഥാന പാതയോരത്തുള്ള ചില്ലറ വിൽപ്പന ശാലകൾ അടച്ചുപൂട്ടിയതിന്റെ ഫലമായി കോർപ്പറേഷന്റെ മദ്യവിൽപ്പനയിലും അതിലൂടെയുള്ള വരുമാനത്തിലും ഗണ്യമായ കുറവുണ്ടാവുകയുമുണ്ടായി. മേൽ സൂചിപ്പിച്ച കാരണങ്ങളാലാണ് ബിവറേജസ് കോർപ്പറേഷൻ ഇൻഡ്യൻ നിർമ്മിത വിദേശമദ്യത്തിന്റെ മൊത്ത ലാഭത്തിൽ വർദ്ധനവ് വരുത്തിയത്. |

Sreedevi

സെക്ഷൻ ഓഫീസർ